**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4401** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി എന്ന സ്കീം 1995-ൽ നടപ്പിലാക്കിയിട്ടുള്ളതാണോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലയെ സ്ഥിരം തൊഴിലായി സ്വീകരിച്ച വിവിധ പരിപാടികൾ ഒറ്റയ്ക്കോ കൂട്ടായോ തിരഞ്ഞെടുത്ത 20 മുതൽ 35 വയസ്സ് (SC/ST വിഭാഗത്തിന് 40 വയസ്സ്)വരെ പ്രായമുള്ള യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 30.03.1994 ലെ സർക്കാർ ഉത്തരവ് (എം.എസ്) 122/94 പ്രകാരം, 1994 ൽ ഈ പദ്ധതി ആരംഭിച്ചു. ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട 20 മുതൽ 35 വയസ്സു വരെയുള്ള യുവജനങ്ങൾക്ക് 100/- രൂപ രജിസ്ട്രേഷൻ ഫീസും, 1000/- രൂപ പദ്ധതി വിഹിതവുമായി ആകെ 1,100/- രൂപയും, 20 മുതൽ 40 വയസ്സു വരെയുള്ള SC/ST വിഭാഗത്തിൽ ഉള്ള യുവജനങ്ങൾക്ക് 100/- രൂപ രജിസ്ട്രേഷൻ ഫീസ് മാത്രം അടച്ചും അംഗത്വം നേടാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നത്. അംഗങ്ങളിൽ നിന്ന് ലഭിച്ച തുകയും സർക്കാർ വിഹിതവും ചേർത്ത് സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കുകയും, അതിൽ നിന്നും പദ്ധതി പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുന്നു. 1. പദ്ധതിയിൽ ചേർന്ന അംഗങ്ങൾ സ്വമേധയാ പിരിഞ്ഞുപോകുകയോ, മറ്റ് തൊഴിൽ കിട്ടിപോകുകയോ, പദ്ധതിയിൽ നിന്നും വിട്ടുനിൽക്കുകയോ ചെയ്താൽ 5,000/- രൂപ ഒറ്റത്തവണ ആനുകൂല്യം നൽകി പദ്ധതിയിൽ നിന്നും പിരിഞ്ഞു പോകുന്നു. 15/05/2013 മുതൽ 5,000/- രൂപ നിരക്ക് എന്നത് 7,500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2. ശാരീരികമായോ, മാനസികമായോ, പൂർണ്ണ അവശത സംഭവിച്ച് തൊഴിൽ എടുക്കാൻ പറ്റാത്ത അവസ്ഥയിൽ ഒറ്റതവണയായി 25,000/- രൂപ ആനുകൂല്യം നൽകി കൊണ്ട് പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നു. 3. 60 |

| | | | |
|---|---|---|---|
| | | | വയസ്സിനു മുൻപ് പദ്ധതി അംഗം മരണപ്പെട്ടാൽ - ടി അംഗത്തിന്റെ നോമിനിക്ക് 25,000/- രൂപയുടെ ആനുകൂല്യം പദ്ധതിയിൽ നിന്നും നൽകുന്നു. 4. പദ്ധതി മാനദണ്ഡം അനുസരിച്ച് അംഗത്തിന് 60 വയസ്സ് പൂർത്തിയാകുമ്പോൾ പ്രതിമാസം 1,000/- രൂപ നിരക്കിൽ പെൻഷൻ, 30,000/- രൂപ മുതൽ 60,000/- രൂപ വരെ ഗ്രാറ്റുവിറ്റിയും നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതിയിൽ അംഗത്വം എടുത്തപ്പോൾ ഉള്ള പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി തുകയിൽ വ്യത്യാസം വരുന്നതാണ്. ആയത് ഇപ്രകാരമാണ്. 20 വയസ്സിനും 21 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 60,000/- രൂപ 21 വയസ്സിനും 22 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 55,000/- രൂപ 22 വയസ്സിനും 23 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 50,000/- രൂപ 23 വയസ്സിനും 24 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 45,000/- രൂപ 24 വയസ്സിനും 25 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 40,000/- രൂപ 25 വയസ്സിനും 26 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 35,000/- രൂപ 26 വയസ്സിനും 40 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 30,000/- രൂപ |
| (ബി) | പ്രസ്തുത പദ്ധതിയിൽ എത്രയാളുകൾ അംഗത്വം എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ 97,849 പേർ അംഗത്വം എടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം അംഗത്വം എടുത്തവർക്ക് അറുപത് വയസ്സ് പൂർത്തിയാകുമ്പോൾ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതിയിലെ അംഗത്തിന് അറുപതു വയസ്സ് പൂർത്തിയാകുമ്പോൾ പദ്ധതി മാനദണ്ഡം അനുസരിച്ച് മാസം 1,000/-രൂപ നിരക്കിൽ പെൻഷൻ തുകയും അർഹമായ ഗ്രാറ്റുവിറ്റിയും അനുവദിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് യഥാസമയം നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ ഈ മഹാമാരി കാലഘട്ടത്തിൽ ആയത് വേഗം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ? | (ഡി) | പെൻഷൻ / ഗ്രാറ്റുവിറ്റി ആനുകൂല്യത്തിനുള്ള ക്ലെയിമുകൾ പഞ്ചായത്ത് ജില്ലാതല കമ്മിറ്റികൾ അംഗീകരിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസുകളിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ